**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1069** **10-08-2023 - ൽ മറുപടിയ്ക്ക്**

**കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂരിഭാഗം പൊതു ജലാശയങ്ങളിലും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം ഉണ്ടാകുന്നതിന്റെ കാരണം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് (CPCB) നടത്തിയ National Water Quality Monitoring Programme (NWQMP) പഠനത്തിലൂടെ, രാജ്യത്തെ 351 നദി പ്രദേശങ്ങളും മലിനീകരിക്കപ്പെട്ടതാണെന്ന് കണ്ടെത്തിയിരുന്നു. അതിൽ 21 നദീ തീരങ്ങൾ കേരളത്തിലേതാണ്. ബിഒഡിയുടെ അളവും തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യവും വിശകലനം ചെയ്താണ് മേൽ പഠനം നടത്തിയത്. ബഹു.നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ നിരീക്ഷണമനുസരിച്ച്, മലിനീകരണത്തിന്റെ പ്രധാന ഉറവിടങ്ങൾ വ്യാവസായിക, വാണിജ്യ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിലെ മറ്റ് മാലിന്യങ്ങൾ എന്നിവയാണ്.<br><br>കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ജലസ്രോതസ്സുകളെ അവയുടെ ഉപയോഗത്തിനനുസരിച്ച് തരം തിരിക്കുന്ന തിനായി ടോട്ടൽ കോളിഫോം ഉൾപ്പെടെയുള്ളവയുടെ പരിധി നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം Conventional Treatment ഇല്ലാതെ disinfection മാത്രം നടത്തി കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന ജലസ്രോതസ്സുകളുടെ ടോട്ടൽ കോളിഫോം അളവ് 50 MPN/100 ml; കുളിക്കാനായ് ഉപയോഗിക്കുന്നവയ്ക്ക് 500MPN/100 ml Conventional Treatment disinfectionനും നടത്തുന്ന കുടിവെള്ള ജലസ്രോതസ്സുകളുടെ കോളിഫോം അളവ് 5000 MPN/100 ml ആണ്. മേൽ വിവരങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വെബ് സൈറ്റിൽ Water and Air Quality Directory 2021 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം ഉണ്ടാകുന്നതിന്റെ പ്രധാന കാരണം ഗാർഹിക മാലിന്യങ്ങൾ ജലാശയങ്ങളിൽ എത്തുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡ് ബഹുനില |

| | | | |
|---|---|---|---|
| | | | സമുച്ചയങ്ങൾക്ക് മതിയായ മലിനീകരണ ശുദ്ധീകരണ സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തിയാണ് അനുമതി നൽകുകയും തുടർപരിശോധനകൾ നടത്തി ഗുണനിലവാരം പാലിക്കാത്ത സാഹചര്യം ഉണ്ടായാൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ OA No.673/2018 ഭാഗമായി രൂപീകരിച്ച DLTC, River Rejuvenation Committee എന്നിവ മുഖേന സംസ്ഥാനത്തെ പൊതുമലിനജല സംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തനം/നിർമ്മാണ പുരോഗതി എന്നിവ നിരീക്ഷിച്ചുവരുന്നു. |
| (ബി) | പൊതു ജലാശയങ്ങൾ മാലിന്യമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | ജലസേചനവകുപ്പ് നദികളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പോയിന്റ് സോഴ്സുകൾ വഴി എത്തുന്ന മാലിന്യങ്ങളെയും, നോൺ പോയിന്റ് സോഴ്സുകൾ മുഖേന എത്തുന്ന മാലിന്യങ്ങളെയും നിയന്ത്രിക്കുന്നതിന് വ്യത്യസ്തമായ രീതിയാണ് സ്വീകരിച്ചിട്ടുള്ളത് . നദീഭാഗങ്ങളുടെ മുകൾ ഭാഗത്തു നിർമ്മിച്ചിട്ടുള്ള തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച വെള്ളം മാലിന്യരൂക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നു വിടുന്നത് വഴി നദീജലത്തിലടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് ലഘൂകരിക്കുവാൻ സാധിക്കുന്നുണ്ട്. ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേക്ക് മാലിന്യ നിക്ഷേപമോ മലിനജലകുഴലോ എത്തുന്നില്ല എന്ന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ് . മഴക്കാലത്ത് ഓടകളിൽ നിന്നും മറ്റും വൻതോതിൽ മലിനജലം/മാലിന്യം നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്നത് , സ്രോതസ്സുകൾ വീണ്ടും മലിനീകരിക്കപ്പെടുന്നതിന് കാരണമാവുന്നുണ്ട് .ആയതിനാൽ മലിനീകരണത്തിനെതിരെ പൗരബോധം വളർത്തിയെടുക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കേണ്ടതായും ശുചീകരിച്ച ഭാഗങ്ങൾ ജനങ്ങളുടെ തന്നെ നിയന്ത്രണത്തിലേക്ക് മാറ്റുകയും ചെയ്യാവുന്നതാണ്. ഇവയുടെ സ്ഥായിയായ പരിപാലനം ഉറപ്പാക്കുന്നതിന് സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കൃഷി, വിനോദസഞ്ചാരം തുടങ്ങി വിവിധ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കുകയും വേണം. കേരള ജലസേചനവും ജലസംരക്ഷണവും നിയമം 2003-ന്റെ 2018-ലെ |

| | | | | |
|---|---|---|---|---|
| | | | | ഭേദഗതി അനുസരിച്ച് ജലസ്രോതസ്സുകൾ/ കനാലുകൾ മലിനീകരിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ അതാത് തദ്ദേശ സ്വയംഭരണ സെക്രട്ടറിക്ക് പരാതി നൽകുകയും മലിനപ്പെടുത്തുന്ന വ്യക്തിക്ക് വകുപ്പിൽ നിന്ന് നോട്ടീസ് നൽകി നിയന്ത്രണ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് . . |

സെക്ഷൻ ഓഫീസർ